"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ആരോഗ്യ കുടുംബക്ഷേമ വകുപ്പ് - അക്കാദമികം - നേഴ്സിംഗ് കോഴ്സ് സീറ്റ് വർദ്ധനവിനുള്ള നിരാക്ഷേപ പത്രം - തൃശ്ശൂർ കരിക്കാട് അൻസാർ നേഴ്സിംഗ് സ്കൂളിൽ ജനറൽ നേഴ്സിംഗ് & മിഡ്‌വൈഫറി കോഴ്സ് സീറ്റ് വർദ്ധനവിന് നിരാക്ഷേപ പത്രം അനുവദിച്ച ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ആരോഗ്യ കുടുംബക്ഷേമ (സി) വകുപ്പ്**

സ.ഉ.(കൈ) നം.316/2024/H&FWD തീയതി,തിരുവനന്തപുരം, 28-10-2024

---

പരാമർശം:-

1. സ.ഉ (അ) നം. 64/2012/ആ.കു.വ തീയതി 17.02.2012.
2. 30.01.2024 തീയതിയിൽ തൃശ്ശൂർ, അൻസാരി ചാരിറ്റബിൾ ട്രസ്റ്റ് വൈസ് ചെയർമാൻ സമർപ്പിച്ച നിരാക്ഷേപ പത്രത്തിനുള്ള അപേക്ഷ.
3. കേരള നഴ്സസ് & മിഡ്‌വൈവ്സ് കൗൺസിൽ രജിസ്ട്രാറുടെ 11.04.2024 തീയതിയിലെ ജി.3720/03/എൻ.സി നമ്പർ കത്തിനൊപ്പം ലഭ്യമായ പരിശോധന റിപ്പോർട്ട്.
4. കേരള നഴ്സസ് & മിഡ്‌വൈവ്സ് കൗൺസിൽ രജിസ്ട്രാറുടെ 26.07.2024 തീയതിയിലെ ജി.3720/03/എൻ.സി നമ്പർ കത്ത്.

**ഉത്തരവ്**

തൃശ്ശൂർ കരിക്കാട് പ്രവർത്തിക്കുന്ന അൻസാരി ചാരിറ്റബിൾ ട്രസ്റ്റിന് കീഴിൽ അൻസാർ ഹോസ്പ്പിറ്റൽ മാതൃ ആശുപത്രിയായി പ്രവർത്തിച്ചുകൊണ്ട് സ്ഥിതിചെയ്യുന്ന അൻസാർ നേഴ്സിംഗ് സ്കൂളിൽ ജനറൽ നേഴ്സിംഗ് & മിഡ്‌വൈഫറി കോഴ്സ് സീറ്റുകളുടെ എണ്ണം 25 - ൽ നിന്നും 45 ആയി ഉയർത്തുന്നതിന് നിരാക്ഷേപ പത്രം ആവശ്യപ്പെട്ട് അൻസാരി ചാരിറ്റബിൾ ട്രസ്റ്റ് വൈസ് ചെയർമാൻ പരാമർശം (2) പ്രകാരം അപേക്ഷ സമർപ്പിച്ചിരുന്നു.

**2.** പരാമർശം (1) ഉത്തരവിൽ നിഷ്കർഷിക്കും പ്രകാരം സ്ഥാപനത്തിൽ പരിശോധന നടത്തി കെ.എൻ.എം.സി രജിസ്ട്രാർ സമർപ്പിച്ചിട്ടുള്ള പരിശോധന റിപ്പോർട്ടിൽ സീറ്റ് വർദ്ധനവിനാവശ്യമായ ഭൗതിക, ക്ലിനിക്കൽ സൗകര്യങ്ങൾ സ്ഥാപനത്തിൽ പര്യാപ്തമാണെന്ന് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

**3.** സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ തൃശ്ശൂർ കരിക്കാട്, പെരുംപിലാവ് അൻസാർ ഹോസ്പ്പിറ്റൽ മാതൃ ആശുപത്രിയായി പ്രവർത്തിച്ചുകൊണ്ട് സ്ഥിതിചെയ്യുന്ന അൻസാർ നേഴ്സിംഗ് സ്കൂളിൽ ജനറൽ നേഴ്സിംഗ് ആൻഡ് മിഡ്‌വൈഫറി കോഴ്സ് വിദ്യാർത്ഥി പ്രവേശന ശേഷി 20 ൽ നിന്നും 45 ആയി ഉയർത്തുന്നതിന് ചുവടെ ചേർക്കുന്ന നിബന്ധനകളോടെ നിരാക്ഷേപ സാക്ഷ്യപത്രം അനുവദിച്ച ഉത്തരവ് പുറപ്പെടുവിക്കുന്നു.

i. ജി.എൻ.എം. കരിക്കുലം, നേഴ്സിംഗ് സ്കൂളിന് ഉണ്ടായിരിക്കേണ്ട നിലവാരം എന്നിവ സംബന്ധിച്ച്

കാലാകാലങ്ങളിൽ ഇന്ത്യൻ നേഴ്സിംഗ് കൗൺസിൽ പുറപ്പെടുവിക്കുന്ന നിബന്ധനകൾ നിർബന്ധമായും പാലിക്കാൻ സ്ഥാപനം ബാധ്യസ്ഥമാണ്.

ii. പരാമർശം (1) ഉത്തരവിൽ സൂചിപ്പിച്ചിട്ടുള്ള എല്ലാ നിബന്ധനകളും, നേഴ്സിംഗ് സ്കൂളുകളുടെ അംഗീകാരം സംബന്ധിച്ച് കാലാകാലങ്ങളിൽ സർക്കാർ/സംസ്ഥാന നേഴ്സിംഗ് കൗൺസിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങൾ/ഉത്തരവുകൾ/റഗുലേഷനുകൾ സ്ഥാപനം കൃത്യമായും പാലിക്കേണ്ടതാണ്.

iii. പരാമർശം (1) സർക്കാർ ഉത്തരവിലെ നിബന്ധനകൾ പ്രകാരം കേരള സംസ്ഥാന നേഴ്സിംഗ് കൗൺസിൽ അംഗീകാരം, ഇന്ത്യൻ നേഴ്സിംഗ് കൗൺസിൽ അനുയോജ്യത പത്രം (Indian Nursing Council Suitability Certificate) എന്നിവ നേടിയതിന് ശേഷം മാത്രം വർദ്ധിപ്പിച്ച സീറ്റുകളിലേയ്ക്ക് വിദ്യാർത്ഥി പ്രവേശനം നടത്തേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ചിത്ര കെ ദിവാകരൻ
ജോയിന്റ് സെക്രട്ടറി

രജിസ്ട്രാർ, കേരള നഴ്സസ് & മിഡ്‌വൈവ്സ് കൗൺസിൽ, തിരുവനന്തപുരം.
വൈസ് ചെയർമാൻ, അൻസാരി ചാരിറ്റബിൾ ട്രസ്റ്റ്, പെരുംപിലാവ്, കരിക്കാട് പി.ഒ., തൃശ്ശൂർ - 680 519.
സെക്രട്ടറി, ഇന്ത്യൻ നഴ്സിംഗ് കൗൺസിൽ, 8-ാം നില, എൻ.ബി.സി.സി സെന്റർ, പ്ലോട്ട് നം.2, കമ്മ്യൂണിറ്റി സെന്റർ, ഓഖ്‌ല ഫേസ്-1, ന്യൂഡൽഹി- 110020.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ) കേരളം, തിരുവനന്തപുരം.
വിവര പൊതുജനസമ്പർക്ക വകുപ്പ് (വെബ് & ന്യൂ മീഡിയ)
കരുതൽ ഫയൽ

ഉത്തരവിൻ പ്രകാരം
Signed by
Prijith. G
Date: 28-10-2024 12:54:21
സെക്ഷൻ ഓഫീസർ

പകർപ്പ് - ബഹു.ആരോഗ്യവും വനിതാ ശിശു വികസനവും വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്.